പാഠം 8 ഫെബ്രുവരി 17–23

# ദശാംശാർപ്പണത്തിന്റെ അനന്തരഫലം

**ശബ്ബത്ത് സായാഹ്നം**

**ഈയാഴ്ചയിലെ പഠനത്തിന്: മർക്കൊ. 16:15; 1 പത്രൊ. 3:8–9; 1 കൊരി 9:14; റോമ. 3:19–24.**

**മനഃപാഠവാക്യം: "ദൈവാലയകർമ്മങ്ങൾ നടത്തുന്നവർ ദൈവാലയം കൊണ്ട് ഉപജീവിക്കുന്നു എന്നും യാഗപീഠത്തിങ്കൽ ശുശ്രൂഷ ചെയ്യുന്നവർ യാഗപീഠത്തിലെ വഴിപാടുകളിൽ ഓഹരിക്കാർ ആകുന്നു എന്നും നിങ്ങൾ അറിയുന്നില്ലയോ? അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണം എന്നു കല്പിച്ചിരിക്കുന്നു" (1 കൊരി. 9:13–14).**

വിശ്വാസത്തിന്റെ സുപ്രധാനമായ ഒരു പ്രകടനമാണ് ദശാംശർപ്പണം എന്നതു നാം കഴിഞ്ഞ ആഴ്ച കണ്ടു. നമ്മുടെ വിശ്വാസത്തിന്റെ ആഴത്തെ പരിശോധിക്കുവാനും വെളിപ്പെടുത്തുവാനുമുള്ള ഒരു വഴിയാണത്. "നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവോ എന്നു നിങ്ങളെത്തന്നെ പരീക്ഷിപ്പിൻ; നിങ്ങളെത്തന്നെ ശോധന ചെയ്യുവിൻ. നിങ്ങൾ കൊള്ളരുതാത്തവർ അല്ല എന്നു വരികിൽ, യേശുക്രിസ്തു നിങ്ങളിൽ ഉണ്ട് എന്നു നിങ്ങളെത്തന്നെ അറിയുന്നില്ലയോ?" (2 കൊരി. 13:5).

അബ്രഹാം മല്ക്കിസദേക്കിനു ദശാംശം കൊടുക്കുന്നതാണ് ദശാംശത്തെക്കുറിക്കുന്ന ആദ്യ വേദപുസ്തക പരാമർശം (ഉല്പ. 14:18–20; എബ്രാ. 7:4). ലേവ്യർ ദശാംശത്തെ ദേവാലയ ശുശ്രൂഷകൾക്കായി ഉപയോഗിച്ചു (2 ദിന. 31:4–10). ഇന്നു സുവിശേഷവേലയുടെ നടത്തിപ്പിനായുള്ളതാണ് ദശാംശം. ശരിയായി മനസ്സിലാക്കിയാൽ ദൈവവുമായുള്ള നമ്മുടെ ബന്ധത്തിന്റെ ആത്മീക അളവുകോലായി അതു പ്രവർത്തിക്കുന്നു.

ദശാംശാർപ്പണത്തിന്റെ അനന്തരഫലം, അതിന്റെ ഉപയോഗം, പ്രാധാന്യം, വിതരണരീതി എന്നിവ ദൈവവേലയെ കൈത്താങ്ങുന്നതിലൂടെയും സുവിശേഷഘോഷണത്തിനാവശ്യമായ സാമ്പത്തിക അടിത്തറ നല്കുന്നതിലൂടെയും നമുക്കുണ്ടാകുന്ന ആത്മീയ വളർച്ചയെ മുൻനിർത്തി രൂപകൽപന ചെയ്യപ്പെടേണ്ടതാണ്. ഇതു ദൈവിക പദ്ധതിയും വിശ്വസ്തനായ ഒരു ഗൃഹവിചാരകൻ എടുക്കുന്ന പ്രഥമ തീരുമാനവുമാകുന്നു.

ഈയാഴ്ച തുടർന്നും ദശാംശാർപ്പണത്തെക്കുറിച്ചാണു നാം ചിന്തിക്കുന്നത്. അതിന്റെ വിതരണം മറ്റുള്ളവർക്ക് അതെന്ത് അർത്ഥമാക്കുന്നു. അതു നമ്മുടെ ആത്മീയ ജീവിതത്തിലുളവാക്കുന്ന അനന്തരഫലം എന്നിവ നമുക്കു പഠിക്കാം.

## സുവിശേഷ ദൗത്യത്തെ നമുക്കൊരുമിച്ചു പിൻതാങ്ങാം

"പ്രസംഗിക്കുക" "ശിഷ്യരാക്കുക" "കല്പിച്ചതൊക്കെയും" "പ്രമാണിപ്പാൻ ഉപദേശിക്ക" എന്നിവ നമ്മോടുള്ള യേശുവിന്റെ കല്പനകളാണ് (മർക്കൊ. 16:15; മത്താ. 28:19–20). യേശുവിലേക്കു മനുഷ്യരെ എത്തിക്കുക എന്ന ഭൂമിയിലെ അതി മഹത്തായ ജോലിയിൽ നാം പങ്കാളികളാകണം എന്നു ദൈവം ആഗ്രഹിക്കുന്നു. ഈ ദൗത്യത്തെ നമ്മിൽ ഭരമേല്പിക്കപ്പെട്ടിരിക്കുന്ന സാധനസമ്പത്തുകളിൽനിന്നും സാമ്പത്തികമായി പിന്താങ്ങുക എന്നതു കാര്യവിചാരകന്റെ കടമയാണ്. ഈ പങ്കാളിത്തം ക്രിസ്തുവിനെ മറ്റുള്ളവർക്കു പരിചയപ്പെടുത്തുന്നതിനുള്ള നമ്മുടെ സമർപ്പണത്തെ ബലപ്പെടുത്തുന്നു. ഓരോ ശിഷ്യനും കാര്യവിചാരകനും വേലക്കാരനും അവന്റെ മുഴുവൻ ദശാംശവും ഈ പാവനമായ വേലയ്ക്കായി കൊണ്ടുവരണം. സുവിശേഷവേലയെ സാമ്പത്തികമായി പിന്താങ്ങുക എന്ന ദൗത്യത്തിൽ ഐക്യമത്യം ഉണ്ടാകുവാനായി നാം പ്രാർത്ഥിക്കണം. വിജയകരമായ ദൗത്യം വിശ്വാസത്തിലുള്ള നമ്മുടെ ഐക്യത്തെ ശക്തിപ്പെടുത്തുന്നു.

**വായിക്കുക:** മലാഖി 3:10. സുവിശേഷവേലയെ വിജയിപ്പിക്കുവാനുള്ള ദൈവത്തിന്റെ അംഗീകൃത സാമ്പത്തിക പദ്ധതി എന്താണ്? "ദശാംശം മുഴുവനും" എന്നാൽ എന്ത്?

അബ്രഹാമിന്റെയും യാക്കോബിന്റെയും കാലം മുതൽക്കേ ഒരു പക്ഷേ അതിനും മുൻപേതന്നെ, മനുഷ്യർ ദശാംശം കൊടുക്കുന്നുണ്ടായിരുന്നു എന്നു നാം കണ്ടുകഴിഞ്ഞു (ഉല്പ. 14:20; 28:22). ദൈവസഭയെ സാമ്പത്തികമായി പിന്താങ്ങുവാനുള്ള ഒരു സംവിധാനമാണ് ദശാംശം. അവന്റെ വേലയെ നിറവേറ്റുന്നതിനായുള്ള ഏറ്റവും വലിയ സാമ്പത്തിക ശ്രോതസ്സും ഏറ്റവും ഉചിതമായ രീതിയും ദശാംശമാണ്.

ഇന്നത്തെ സാഹചര്യത്തിൽ ദൈവവേലക്കായി ക്രിസ്ത്യാനികൾ വളരെ തുച്ഛമായി മാത്രമേ കൊടുക്കുന്നുള്ളൂ. എല്ലാ ക്രിസ്ത്യാനികളും വിശ്വസ്തമായി ദശാംശം കൊടുത്തിരുന്നെങ്കിൽ അതിന്റെ ഫലം "മനുഷ്യർക്കു ഗ്രഹിക്കാനാകുന്നതിലും അധികം അവിശ്വസനീയവും അതിശയകരവും ആയിരുന്നേനേം" (Passing the Plate P 27.)

ദൈവവേലയ്ക്കായി ധനനിക്ഷേപം നടത്തുവാൻ സന്നദ്ധരായിരുന്ന ഒരുകൂട്ടം ജനം എല്ലാ കാലഘട്ടത്തിലും ഉണ്ടായിരുന്നു. ആഗോളവ്യാപകമായ ഈ കർത്തവ്യത്തിനായി പണം കൊടുക്കുന്നതിനെക്കുറിച്ചു മനസ്സിലാക്കുവാനും അതിനായി ഒരുമിച്ചു പ്രവർത്തിക്കുവാനുമുള്ള ഉത്തരവാദിത്വം നമുക്കെല്ലാവർക്കുമുണ്ട്. അസംഘടിതരായും, അശ്രദ്ധാലുക്കളായും ഈ ദൗത്യത്തെ പിന്താങ്ങുന്നതിൽ ശുഷ്കാന്തിയില്ലാത്തവരായും ഇരിക്കുവാൻ നമുക്കു കഴിയുകയില്ല. "ഞങ്ങളുടെ ദൈവത്തിന്റെ ആലയം ഞങ്ങൾ കൈവിടുകയില്ല," എന്നു സാധാരണക്കാരും ലേവ്യരും നെഹമ്യാവിനോടു പറഞ്ഞ സമയത്തേക്കാളധികം വെല്ലുവിളി നിറഞ്ഞതാണ് ഇന്നത്തെ നമ്മുടെ സമയം (നെഹെ. 10:39). 1800 കളിലെ വിശ്വാസികൾ നേരിട്ട

പ്രശ്നങ്ങളെക്കാൾ കൂടുതൽ ഭയാനകമാണു നമ്മുടെ പ്രശ്നങ്ങൾ. ഇന്നു വിശ്വാസികളും പുരോഹിതരും ആത്മികമായി ഐക്യപ്പെടുകയും ദൈവിക ദൗത്യത്തിന്റെ ആഗോള ഉദ്ദേശങ്ങളെ നിർവഹിക്കാൻ ആവശ്യമായ സാമ്പത്തിക ഭദ്രതയ്ക്കായി ഒരുമിച്ചു പ്രവർത്തിക്കുകയും വേണം.

ലോകം മുഴുവനുമുള്ള അഡ്വന്റിസ്റ്റ് മിഷന്റെ വ്യാപ്തിയെക്കുറിച്ചു ചിന്തിക്കുക (വെളി. 14:6-7). ഈ വേലയെ സഹായിക്കുന്നതിനാവശ്യമായ ധനം നൽകുന്നതിൽ നമുക്കോരോരുത്തർക്കും ഉള്ള കടമ എന്താണ്?

**തിങ്കൾ** **ഫെബ്രുവരി 19**

**ദൈവത്തിന്റെ അനുഗ്രഹങ്ങൾ**

ദശാംശാർപ്പണത്തിൽ വിശ്വസ്തരായിരിക്കുന്നവർക്കു ദൈവം വലിയ അനുഗ്രഹങ്ങളെ വാഗ്ദാനം ചെയ്തിരിക്കുന്നുവെന്ന് മലാഖി 3:10 ൽ നാം കണ്ടു. എന്നാൽ ദൈവീക അനുഗ്രഹം എന്നത് ഏകമാനമായ ഒന്നല്ല. ഉദാഹരണത്തിനു, ദശാംശം കൊടുക്കുന്ന ഒരു വ്യക്തി മറ്റെല്ലാ കാര്യങ്ങളെയും മറന്നശേഷം ഭൗമീക വസ്തുക്കളുടെ നിറവിനുവേണ്ടി മാത്രം കാത്തിരിക്കുന്നുവെങ്കിൽ അത് അനുഗ്രഹത്തെക്കുറിച്ചുള്ള വെറും ഇടുങ്ങിയ കാഴ്ചപ്പാടിന്റെ ഫലമാണ്.

മലാഖിയിൽ പറയുന്ന അനുഗ്രഹം ആത്മീകവും ഭൗതികവുമാണ്. ദൈവീക അനുഗ്രഹം എന്നതു രക്ഷ, സന്തോഷം, മനസമാധാനം എന്നിവയും ദൈവം നമുക്കായി ചെയ്യുന്നത് ഏറ്റം നല്ലതാണ് എന്ന ബോധ്യവുമാണ്. അതുപോലെതന്നെ ദൈവത്താൽ അനുഗ്രഹിക്കപ്പെടുന്നവർ അതു മറ്റുള്ളവരുമായി പങ്കുവയ്ക്കേണ്ടതാണ്. മറ്റുള്ളവരെ അനുഗ്രഹിപ്പാനാണു നാം അനുഗ്രഹിക്കപ്പെടുന്നത്. നമ്മിലൂടെ, തീർച്ചയായും, ദൈവം തന്റെ അനുഗ്രഹങ്ങളെ അന്യസ്ഥലങ്ങളിലേക്കു വിപുലപ്പെടുത്തുന്നു,

**വായിക്കുക:** 1 പത്രൊ. 3:8-9. അനുഗ്രഹിക്കപ്പെടുന്നതും മറ്റുള്ളവർക്ക് അനുഗ്രഹമായി തീരുന്നതും തമ്മിലുള്ള ബന്ധം എന്ത്?

ദശാംശാർപ്പണത്തിലൂടെ രണ്ട് അനുഗ്രഹങ്ങൾ ഉണ്ടാകുന്നു. നാം അനുഗ്രഹിക്കപ്പെടുന്നു, നാം മറ്റുള്ളവർക്ക് അനുഗ്രഹമായിത്തീരുന്നു. നമുക്കു തന്നിരിക്കുന്നതിൽനിന്നും മറ്റുള്ളവർക്കു കൊടുക്കാം. ദൈവീക അനുഗ്രഹങ്ങൾ നമ്മിലേക്ക് ആന്തരികമായും മറ്റുള്ളവരിലേക്കു ബാഹ്യമായും എത്തുന്നു. "കൊടുപ്പിൻ; എന്നാൽ നിങ്ങൾക്കു കിട്ടും; അമർത്തികുലുക്കി കവിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും" (ലൂക്കൊ.6:38).

**വായിക്കുക:** അപ്പൊ. 20:35. ഇതു ദശാംശത്തെ സംബന്ധിച്ചും ശരിയാകുന്നതെങ്ങനെ?

ദൈവത്തിൽ ആശ്രയിക്കുവാനുള്ള കൃപയാണ് ദശാംശർപ്പണത്തിലൂടെ ലഭിക്കുന്ന ഏറ്റവും വലിയ അനുഗ്രഹം (യിരെ. 17:7). ദശാംശർപ്പണം എന്ന സംവിധാനം ന്യായപ്രമാണത്തെപ്പോലെ ശാശ്വതമായ തത്വത്തിന്മേലാണ് അടിസ്ഥാനപ്പെടുത്തിയിട്ടു

ള്ളത്. ഈ സംവിധാനം യെഹൂദന്മാർക്ക് ഒരു അനുഗ്രഹമായിരുന്നു. അല്ലായിരുന്നുവെങ്കിൽ ദൈവം അവർക്കതു കൊടുക്കുകയില്ലായിരുന്നു. ലോകാവസാനംവരെ അതു പാലിച്ചുപോരുന്ന എല്ലാവർക്കും അത് ഇപ്രകാരം അനുഗ്രഹമായിരിക്കും. വ്യവസ്ഥാപിതവും ചിട്ടയോടുകൂടിയതുമായ ഈ ഉദാരമനസ്കതയെ നമ്മുടെ സ്വർഗ്ഗീയ പിതാവു രൂപപ്പെടുത്തിയത് അവനു ധനികനാകുവാനല്ല, പിന്നെയോ മനുഷ്യന് അനുഗ്രഹമായി തീരേണ്ടതിനാണ്. ദാനശീലം എന്ന ഈ വ്യവസ്ഥിതിയാണ് യഥാർത്ഥത്തിൽ മനുഷ്യനുവേണ്ടിയിരുന്നത് എന്ന് അവൻ കണ്ടു. EGW Testimonies VOL 3 P 404-405.

മറ്റുള്ളവരുടെ പ്രവൃത്തിയിലൂടെ ദൈവം താങ്കളെ അനുഗ്രഹിച്ചിട്ടുള്ള വിവിധങ്ങളായ കാര്യങ്ങളെക്കുറിച്ചു ചിന്തിക്കുക. അതുപോലെ മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുവാൻ താങ്കൾക്കെങ്ങനെ കഴിയും?

**ചൊവ്വ** **ഫെബ്രുവരി 20**

**ദശാംശത്തിന്റെ ഉദ്ദേശ്യം**

പൗലൊസ് തിമൊഥെയൊസിനു എഴുതുന്നു: "മെതിക്കുന്ന കാളെക്കു മുഖക്കൊട്ട കെട്ടരുത് എന്നു തിരുവെഴുത്തു പറയുന്നു; വേലക്കാരൻ തന്റെ കൂലിക്കു യോഗ്യൻ എന്നും ഉണ്ടല്ലോ" (തിമൊ. 5:18). പൗലൊസ് ഇവിടെ മോശെയെയും (ആവ. 25:4); യേശുവിനെയും (ലൂക്കൊ. 10:7) ഉദ്ധരിക്കുന്നു. കാളയെക്കുറിച്ചുള്ള ഉപവാക്യം ഒരു പഴമൊഴിയെ ധ്വനിപ്പിക്കുന്നു. മെതിക്കുന്നതിനോടൊപ്പം കാള ധാന്യം ഭക്ഷിക്കുന്നുവെങ്കിൽ അത് ഉചിതമാണ് എന്നർത്ഥം. സമർപ്പണത്തോടെ ജോലി ചെയ്യുന്ന സുവിശേഷ പ്രസംഗകർ വേതനത്തിന് അർഹരാണെന്നാണു രണ്ടാം പഴമൊഴിയുടെ അർത്ഥം.

വ്യവസ്ഥാപിതമായ രീതികളിലൂടെയാണു ദൈവം സൃഷ്ടിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത്. അവൻ സൗരയൂഥം, ആവാസവ്യവസ്ഥ, ദഹന വ്യവസ്ഥ, നാഡീവ്യൂഹം തുടങ്ങി പല വ്യവസ്ഥകൾക്കും രൂപംകൊടുത്തു. സമാഗമന കൂടാരത്തിന്റെ പരിപാലനത്തിനും അവരുടെ സംരക്ഷണത്തിനുമായി ലേവ്യർ, ദൈവം രൂപീകരിച്ച ദശാംശവ്യവസ്ഥിതിയെ ഉപയോഗിച്ചു (സംഖ്യാ. 18:26). സുവിശേഷം പ്രസംഗിക്കുന്നതിനായി ജീവിതങ്ങളെ സമർപ്പിച്ചവർക്കായാണ് ഇന്നു ദശാംശം ഉപയോഗിക്കുന്നത്. ദശാംശ വ്യവസ്ഥിതി എന്നതു സുവിശേഷ വേലയെ താങ്ങി നിർത്തുന്നതിനായുള്ള ദൈവത്തിന്റെ തിരഞ്ഞെടുക്കപ്പെട്ട ഉപാധിയാണ്. രക്ഷാചരിത്രത്തിലുടനീളം അത് ഉപയോഗത്തിലായിരിക്കുകയും ചെയ്യുന്നു. ഇങ്ങനെയുള്ള വേലക്കാരെ ദശാംശത്താൽ സംരക്ഷിക്കുക എന്നതു ദൈവവേലയുടെ മൗലികവും അടിസ്ഥാനപരവുമായ ആവശ്യമാണ്.

"അതുപോലെ കർത്താവും സുവിശേഷം അറിയിക്കുന്നവർ സുവിശേഷത്താൽ ഉപജീവിക്കണം എന്നു കല്പിച്ചിരിക്കുന്നു" (1 കൊരി. 9:14) എന്നതിലൂടെ പൗലൊസ് സൂചിപ്പിക്കുന്നതെന്ത്? വചനം പ്രസംഗിക്കുന്നവരെ സാമ്പത്തികമായി പിന്താങ്ങേണ്ട ആവശ്യകതെകുറിച്ച് 2 കൊരി. 11:7-10 പഠിപ്പിക്കുന്നതെന്ത്?

“നിങ്ങളുടെ ഇടയിൽ ശുശ്രൂഷ ചെയ്യാൻ ഞാൻ മറ്റു സഭകളെ കവർന്നു അവരോടു ചെലവിനു വാങ്ങി” എന്നു പറയുന്നതിലൂടെ പൗലൊസ് വ്യംഗ്യാത്മകമായി സംസാരിക്കുന്നു (2 കൊരി. 11:8). കൊരിന്തിലെ ധനികമായ സഭയിൽ വേല ചെയ്യുമ്പോൾ ദരിദ്രമായ മക്കെദോന്യ സഭയിൽനിന്നും ചെലവിനു വാങ്ങേണ്ടിവന്നു എന്നാണ് അവൻ അർത്ഥമാക്കുന്നത്. വചനം പ്രസംഗിക്കുന്നവർ വേതനത്തിനു അർഹരാണ് എന്നുതന്നെയാണ് അവൻ കൊരിന്ത്യ സഭയോടു പറയുന്നത്.

ദശാംശം പ്രത്യേക ആവശ്യത്തിനായി ഉപയോഗിക്കാനുള്ളതാണ് എന്നും അങ്ങനെ ആയിരിക്കുകയും വേണം. “ദശാംശം പ്രത്യേക ഉപയോഗത്തിനായി നീക്കിവയ്ക്കേണ്ടതാണ്. ദരിദ്രസഹായനിധിയായി അതിനെ കണക്കാക്കരുത്. ലോകത്തിലേക്കു ദൈവദൂതിനെ വഹിക്കുന്നവർക്കായി അതിനെ വിശേഷാൽ സമർപ്പിക്കേണ്ടതാണ്. ഈ ലക്ഷ്യത്തിൽനിന്നും വ്യതിചലിക്കുവാൻ പാടുള്ളതല്ല.” EGW Counsels on Stewardship P 103.

**വായിക്കുക:** ലേവ്യ 27:30. ഈ തത്വം നമുക്കു ബാധകമാകുന്നതെങ്ങനെ?

**ബുധൻ** **ഫെബ്രുവരി 21**

**ഭണ്ഡാരം**

കാറ്റ്, ജലം, ഹിമം കന്മഴ എന്നിവയ്ക്കെല്ലാം ദൈവത്തിനൊരു ഭണ്ഡാരമുണ്ട് (യിരെ. 10:13; സങ്കീ. 33:7; ഇയ്യോ. 38:22). ഇവയെല്ലാം ദൈവത്തിന്റെ പൂർണ്ണ നിയന്ത്രണത്തിലുമാണ്. എന്നാൽ, ദൈവം സൂക്ഷിക്കുന്ന ഏറ്റം വിലയേറിയ ഭണ്ഡാരം ദശാംശത്തിനായുള്ളതാണ്. “ലേവ്യർക്കോ ഞാൻ സമാഗമനകൂടാരം സംബന്ധിച്ച് അവർ ചെയ്യുന്ന വേലയ്ക്കു യിസ്രായേലിൽ ഉള്ള ദശാംശം എല്ലാം അവകാശമായി കൊടുത്തിരിക്കുന്നു” (സംഖ്യാ. 18:21). ഭണ്ഡാരത്തിന്റെ തത്വത്തെക്കുറിച്ചും ദശാംശം എവിടെ സൂക്ഷിക്കപ്പെടണം എന്നതിനെക്കുറിച്ചും ആദ്യമായി പറഞ്ഞിരിക്കുന്നത് ഇവിടെയാണ്. താൻ തിരഞ്ഞെടുത്തിരിക്കുന്ന ഒരു സ്ഥലത്തേക്കു ദശാംശം കൊണ്ടുവരണമെന്നു ദൈവം വീണ്ടും യിസ്രായേല്യരോടു നിർദ്ദേശിച്ചു (ആവ. 12:5-6). ശലോമോന്റെ കാലത്തു ദശാംശം യെരൂശലേം ദേവാലയത്തിലേക്കാണു കൊണ്ടുവന്നിരുന്നത്. ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടു വരുവിൻ” എന്നു മലാഖി പ്രവാചകൻ പറഞ്ഞപ്പോൾ അതെന്താണെന്നും എവിടെയാണെന്നും അവർക്ക് എളുപ്പത്തിൽ മനസ്സിലായി (മലാ. 3:10). ആരാധന നടക്കുന്ന സ്ഥലമാണ് ഭണ്ഡാരം. അവിടെനിന്നുമാണ് ലേവ്യർക്കു പിന്തുണ ലഭിക്കേണ്ടിയിരുന്നതും.

**വായിക്കുക:** 1 ദിന. 26:10; 2 ദിന. 31:11-13; നെഹ. 10:38. ഭണ്ഡാരത്തെ തിരിച്ചറിയുവാനുതകുന്ന മറ്റെന്തു പേരുകൾ തിരുവെഴുത്തിൽ ഉപയോഗിച്ചിരിക്കുന്നു.

വിശുദ്ധ ദശാംശത്തെ ഭണ്ഡാരത്തിലേക്കു കൊണ്ടുവരിക എന്ന ഒരേയൊരു മാതൃക മാത്രമാണു തിരുവചനം അവതരിപ്പിക്കുന്നത്. ഓരോ വിതരണത്തിനായും ദശാംശത്തെ പാലനം ചെയ്യുവാനായി ദൈവത്തിനൊരു കേന്ദ്രീകൃത ഭണ്ഡാരമുണ്ടായിരുന്നു. ഇങ്ങനെയുള്ള ഭണ്ഡാര തത്വത്തെ അംഗീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നവരാൽ ക്രമീകൃതമായിട്ടുള്ളതാണ് ആഗോള സെവന്ത് ഡേ

അഡ്വന്റിസ്റ്റ് സഭ. തങ്ങൾക്കു അംഗത്വമുള്ള പ്രാദേശിക സഭകളിലൂടെ സഭയുടെ ഉന്നത കേന്ദ്രങ്ങളായ കോൺഫറൻസ്, മിഷൻ എന്നിവിടങ്ങളിലേക്കു ദശാംശം തിരികെയേല്പിക്കാൻ അംഗങ്ങളെ സഭ പ്രോത്സാഹിപ്പിക്കുന്നു. ദൈവവേലക്കാർക്കുള്ള ശമ്പളം ഈ കോൺഫറൻസ്, മിഷൻ ഖജനാവുകളിൽനിന്നും കൊടുക്കുന്നു.

ദൈവത്തിന്റെ വേല വിപുലമാകുന്നതോടെ സഹായത്തിനായുള്ള വിളികൾ വർദ്ധിച്ചുകൊണ്ടിരിക്കും. ഈ വിളികളോടു പ്രതികരിക്കുവാനായി "എന്റെ ആലയത്തിൽ ആഹാരം ഉണ്ടാകേണ്ടതിനു നിങ്ങൾ ദശാംശം മുഴുവനും ഭണ്ഡാരത്തിലേക്കു കൊണ്ടുവരുവിൻ" എന്ന കല്പനയെ ക്രിസ്ത്യാനികൾ ശ്രവിക്കേണ്ടിയിരിക്കുന്നു. ക്രിസ്ത്യാനികൾ എന്ന് അവകാശപ്പെടുന്ന എല്ലാവരും തങ്ങളുടെ ദശാംശത്തെയും കാണിക്കകളെയും വിശ്വസ്തമായി കൊണ്ടുവന്നിരുന്നെങ്കിൽ ദൈവത്തിന്റെ ഭണ്ഡാരം നിറയുമായിരുന്നു. അങ്ങനെയായിരുന്നു എങ്കിൽ സുവിശേഷത്തിന്റെ ആവശ്യത്തിനായി ഇതരമാർഗ്ഗങ്ങളെ ആശ്രയിക്കേണ്ടി വരുമായിരുന്നില്ല. EGW, AA, P 338.

എല്ലാവരും അവരവർക്കു തോന്നുന്നിടത്തേക്കു തങ്ങളുടെ ദശാംശത്തെ അയയ്ക്കുകയാണെങ്കിൽ എന്തു സംഭവിക്കും എന്നു ചിന്തിക്കുക. അങ്ങനെ ചെയ്താൽ ദൈവവേലക്ക് എന്തു സംഭവിക്കും? അതുകൊണ്ടു ദശാംശത്തെ, അത് എത്തിച്ചേരേണ്ട സ്ഥലത്തേക്കു മാത്രം അയയ്ക്കേണ്ടത് എന്തുകൊണ്ടു പ്രധാനമാണ്?

**വ്യാഴം** **ഫെബ്രുവരി 22**

**ദശാംശവും വിശ്വാസത്താലുള്ള രക്ഷയും**

വായിക്കുക: റോമ. 3:19–24. നമ്മുടെ വിശ്വാസത്തിന്റെ ഭാഗമായ എന്തു നിർണ്ണായക സത്യമാണ് ഈ വേദഭാഗം പഠിപ്പിക്കുന്നത്? ഈ ഉപദേശത്തെ നാം എപ്പോഴും അടിസ്ഥാന വിശ്വാസമായി സൂക്ഷിക്കേണ്ടത് എന്തുകൊണ്ട്?

വീണ്ടെടുക്കപ്പെടുവാൻ നമുക്ക് അർഹതയില്ലായിരുന്നു എന്നതാണ് വേദപുസ്തകത്തിന്റെ മുഖ്യ ഉപദേശം (റോമ. 3:23). അർഹതയിലൂടെയോ പ്രവൃത്തികളിലൂടെയോ വീണ്ടെടുപ്പിനു പാത്രമാകുക എന്നത് വേദവിരുദ്ധമാണ്.

**വായിക്കുക:** റോമ. 4:1–5. പ്രവൃത്തിയെക്കുറിച്ചും കൃപയെക്കുറിച്ചും ഈ വാക്യങ്ങൾ പഠിപ്പിക്കുന്നതെന്ത്?

അർഹതയില്ലാത്തവർക്കു നല്കപ്പെടുന്ന ദാനമാണ് കൃപ (എഫെ. 2:8–9). തന്റെ തികവുറ്റ യാഗത്തിലൂടെ ക്രിസ്തു നേടിയ നേട്ടങ്ങളെ നമ്മിലേക്കു പകരുന്നതിലൂടെയാണ് നാം രക്ഷ കൈവരിക്കുന്നത്. ദശാംശം കൊടുക്കുന്നതിലൂടെ ദൈവത്തിൽനിന്നും നമുക്കു നേട്ടങ്ങൾ ലഭിക്കുന്നില്ല. ദൈവത്തിന്റെ വകയായ ദശാംശം അവനെ തിരികെ ഏല്പിക്കുന്നതിൽനിന്നും ശരിക്കും പറഞ്ഞാൽ എന്തുനേട്ടമാണ് നമുക്കു ലഭിക്കേണ്ടത്?

ദശാംശാർപ്പണം രക്ഷയ്ക്കുതകുന്ന ഒരു പ്രവൃത്തിയല്ല. നന്മ ചെയ്യുവാനായി സൃഷ്ടിക്കപ്പെട്ടവർ എന്ന നിലയിൽ നാം ചെയ്യുന്ന മറ്റു നല്ല പ്രവൃത്തികളും നമുക്കു രക്ഷ നേടിത്തരുന്നില്ല. "നാം അവന്റെ കൈപ്പണിയായി സൽപ്രവൃത്തികൾക്കായിട്ട്

ക്രിസ്തുയേശുവിൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു" (എഫെ. 2:10). ദശാംശർപ്പണം, പക്ഷേ നമ്മുടെ മനോഭാവത്തെ വെളിവാക്കുന്നു. ചെയ്യണം എന്നു ദൈവം ആവശ്യപ്പെട്ടിട്ടുള്ള കാര്യത്തോടു നാം എളിമയും വിധേയത്വവും പുലർത്തുന്നുണ്ടോ അതോ ദുർവാശിയും അനാദരവും കാട്ടുന്നുവോ എന്നതാണു വ്യക്തമാക്കേണ്ടത്. ദൈവത്തെ സ്നേഹിക്കുന്നുവെങ്കിൽ നാം അവനെ അനുസരിക്കും. നാം ഇവിടെ കാര്യവിചാരകർ മാത്രമാണെന്നും സകലതും ദൈവത്തിന്റെ വകയാണെന്നുമുള്ള ബോധ്യത്തിന്റെ ബാഹ്യപ്രകടനമാണ് ദശാംശാർപ്പണം. ദൈവം സൃഷ്ടിതാവും വീണ്ടെടുപ്പുകാരനുമാണെന്ന കാര്യം ആഴ്ചതോറും ശബ്ബത്തു നമ്മെ ഓർമ്മപ്പെടുത്തുന്നതുപോലെ ദശാംശാർപ്പണവും നാം നമ്മുടെ വകയല്ല, നമ്മുടെ ജീവനും രക്ഷയും ദൈവത്തിന്റെ ദാനമാണെന്നു നമ്മെ ഓർമ്മപ്പെടുത്തുന്നു. ആ യാഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞുകൊണ്ടു നമുക്കൊരു വിശ്വാസജീവിതം നയിക്കുവാനും ദശാംശർപ്പണം നമ്മുടെ വിശ്വാസത്തിന്റെ പ്രകടനമാണെന്ന് ഏറ്റുപറയുവാനും കഴിയും.

**വായിക്കുക:** ലൂക്കൊ. 21:1–4. വിശ്വാസത്തിൽ ജീവിക്കുക എന്നാൽ എന്ത്?

**വെള്ളി** **ഫെബ്രുവരി 23**

**കൂടുതൽ ചിന്തയ്ക്ക്:** നമ്മുടെ ഓരോ ശ്വാസവും ഓരോ ഹൃദയ സ്പന്ദനവും ജീവിതത്തിന്റെ ഓരോ നിമിഷവും ദൈവത്തിൽനിന്നു മാത്രം വരുന്നു എന്നതു വിസ്മരിക്കുവാൻ എളുപ്പമാണ്. അ.പ്ര. 17 ൽ പൗലോസ് അഥേനക്കാരോടു സത്യദൈവത്തെക്കുറിച്ചു സംസാരിക്കുന്നു: "അതിലുള്ളതൊക്കെയും ഉണ്ടാക്കിയ ദൈവം സ്വർഗ്ഗത്തിലും ഭൂമിക്കും നാഥനാകകൊണ്ടു... അവനിലല്ലോ നാം ജീവിക്കയും ചരിക്കയും ഇരിക്കയും ചെയ്യുന്നത്" (17:24,28). അഥേനക്കാർക്കു സത്യദൈവത്തെ അറിയില്ലായിരുന്നു. ക്രിസ്ത്യാനികളായ നാം ദൈവത്തെ അറിയുന്നവരാണ്. ഈ അറിവു നമ്മുടെ ജീവിതത്തെ രൂപാന്തരപ്പെടുത്തണം. ദൈവത്തിനു നമ്മുടെമേൽ നിരവധി അവകാശങ്ങളുണ്ട് എന്നതിനാൽ ആ അവകാശങ്ങൾക്ക് അനുയോജ്യമായ രീതിയിൽ നാം ജീവിക്കേണ്ടതാകുന്നു.

"ആകയാൽ ദൈവത്തിനു നമ്മുടെമേൽ അവകാശമുണ്ട്. അവൻ തന്റെ നിധിയെ മനുഷ്യകരങ്ങളിൽ വെക്കുന്നു. അതിന്റെ പത്തിൽ ഒരുഭാഗം തന്റെ വേലയ്ക്കായി വിശ്വസ്തതയോടെ നീക്കിവയ്ക്കണം എന്ന് ആവശ്യപ്പെടുന്നു. ഈ ഭാഗത്തെ നാം അവന്റെ ഭണ്ഡാരത്തിൽ ഇടണമെന്നാണ് അവൻ ആവശ്യപ്പെടുന്നത്. അവന്റെ സ്വന്തം എന്ന നിലയിലാണു തിരികെ കൊടുക്കേണ്ടത്. അതു വിശുദ്ധമാണ്. വിശുദ്ധകാര്യങ്ങൾക്കു മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. രക്ഷാദൂതിനെ ലോകമെമ്പാടും എത്തിക്കുന്നവരെ താങ്ങി നിർത്തുന്നതിനായാണ് അത് ഉപയോഗിക്കേണ്ടത്. അടുത്തും അകലെയും ഉള്ളവർക്കു സത്യത്തിന്റെ പ്രകാശം എത്തിച്ചു കൊടുക്കുവാനായാണ് അവന്റെ ഭണ്ഡാരം ഉപയോഗിക്കുക. ഈ ആവശ്യത്തെ വിശ്വസ്തതയോടെ അനുസരിക്കുമ്പോൾ സകലതും ദൈവത്തിന്റെ വക എന്നു നാം അംഗീകരിക്കുന്നു." EGW Testimonies Vol 6 P 386.

**ചർച്ച ചെയ്യുക:**

1. "കാലം അതിവേഗം നിത്യതയിലേക്കു പാഞ്ഞുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ വകയേ നാം അവനിൽനിന്നും പിടിച്ചുവയ്ക്കാതിരിക്കുക. അവൻ പൂർണ്ണഹൃദയത്തെ ആവശ്യപ്പെടുന്നു. അത് അവനു കൊടുക്കുക. സൃഷ്ടിപ്പുകൊണ്ടും വീണ്ടെടുപ്പുകൊണ്ടും അത് അവന്റേതാണ്. നിങ്ങളുടെ ബുദ്ധിയും ധനവും എല്ലാം അവനുള്ളത്; അവയെ അവനു കൊടുക്കുക." EGW, AA P 566 "പിടിച്ചു വയ്ക്കരുത്" എന്നതിലൂടെ സഹോദരി വൈറ്റ് ഉദ്ദേശിക്കുന്നതെന്ത്? ദശാംശം കൊടുക്കാതിരിക്കുമ്പോൾ നാം നമ്മെത്തന്നെ മോഷ്ടിക്കുന്നതെങ്ങനെ?

2. വിശ്വാസികളെല്ലാം ദശാംശം തങ്ങൾക്കിഷ്ടംപോലെ വിനിയോഗിക്കുന്നു എന്നു ചിന്തിക്കുക. അതായതു ഭണ്ഡാരത്തിൽ ഇടുന്നതിനുപകരം ഓരോരുത്തർക്കും ഉചിതം എന്നു തോന്നുന്നവയ്ക്കായി ചിലവാക്കുക. ഈ പ്രവൃത്തി എന്തുകൊണ്ടു തെറ്റാണ്? ഇവ നമ്മെ ഘോരമായി തകർക്കുന്നതെങ്ങനെ?

3. ലൂക്കൊസ് 21 ൽ ദൈവാലയത്തിൽ വെള്ളിക്കാശു നിക്ഷേപിക്കുന്ന വിധവയെ യേശു അഭിനന്ദിക്കുന്നു. അവിടെ നടമാടിക്കൊണ്ടിരുന്ന അഴിമതി യേശുവിനു അറിയാമായിരുന്നുതാനും. ദശാംശം എങ്ങനെ ഉപയോഗിക്കപ്പെടുന്നു എന്ന കാര്യത്തിൽ സംശയങ്ങൾ ഉള്ളതിനാൽ ഞങ്ങൾക്ക് ഇഷ്ടമുള്ളേടത്തേക്കു ഞങ്ങളതിനെ ഗതിമാറ്റി ഉപയോഗിക്കും എന്നു ചിന്തിക്കുന്നവരോടു യേശുവിന്റെ ഈ പ്രവൃത്തി എന്തുപറയുന്നു?